സി.ജി.(2) 50436/16.

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി, 01.03.2017.

**സർക്കുലർ നമ്പർ 16 /2017.**

വിഷയം: സഹകരണ വകുപ്പ്- ഉയർന്ന മൂല്യമുള്ള നോട്ട് അസാധുവാക്കൽ - സഹകരണ ബാങ്കിംഗ് മേഖലയിൽ വായ്പാ തിരിച്ചടവിനുള്ള പ്രായോഗിക തടസ്സം പരിഗണിച്ച് സഹകരണ ബാങ്കുകൾ/സഹകരണ സംഘങ്ങൾ വഴി വിതരണം ചെയ്തിട്ടുള്ള വായ്പകളുടെ തിരിച്ചടവിന് 2017 മാർച്ച് 31 വരെ മൊറൊട്ടോറിയം അനുവദിച്ച് ഉത്തരവായത് - മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന: 25.02.2017 ലെ സ.ഉ (കൈ) 5/2017 /സഹ നമ്പർ ഉത്തരവ്.

......

ഉയർന്ന മൂല്യമുള്ള നോട്ടുകൾ കേന്ദ്രസർക്കാർ അസാധുവാക്കിയത് വഴി സഹകരണ ബാങ്കിംഗ് മേഖലയിൽ വായ്പാ തിരിച്ചടവിനുണ്ടായിട്ടുള്ള പ്രായോഗിക തടസ്സം പരിഹരിക്കുന്നതിനായി സഹകരണ ബാങ്കുകൾ/സഹകരണ സംഘങ്ങൾ വഴി വിതരണം ചെയ്തിട്ടുള്ള വായ്പാ കുടിശ്ശികകളിൻമേൽ സ്വീകരിച്ചിട്ടുള്ള റവന്യൂറിക്കവറി ഉൾപ്പെടെയുള്ള നിർബന്ധിത ജപ്തിനടപടികൾക്ക് 31.03.2017 വരെ മോറട്ടോറിയം അനുവദിച്ച് സൂചന പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഈ പദ്ധതി സഹകരണ സ്ഥാപനങ്ങളിൽ നടപ്പാക്കുന്നത് സംബന്ധിച്ച് ചുവടെ പരാമർശിക്കുന്ന മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുന്നു.

സംസ്ഥാനത്തെ എല്ലാ വിഭാഗം സഹകരണ ബാങ്കുകളും/സംഘങ്ങളും വഴി വിതരണം ചെയ്തിട്ടുള്ള വായ്പ കുടിശ്ശികകളിൻമേൽ സ്വീകരിച്ചിട്ടുള്ള റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നിർബന്ധിത ജപ്തി നടപടികൾ 31.03.2017 വരെ നീട്ടിവയ്ക്കുന്നതിന് എല്ലാ സഹകരണ ബാങ്കുകളും നടപടി സ്വീകരിയ്ക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു. ഈ സർക്കുലറിന് സൂചന ഉത്തരവ് തീയതി മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാരും തങ്ങളുടെ നിയന്ത്രണത്തിലുള്ള സഹകരണ സംഘങ്ങൾക്കും/ബാങ്കുകൾക്കും, ഉദ്യോഗസ്ഥൻമാർക്കും ഈ വിവരം നൽകേണ്ടതും അതിന്റെ അടിസ്ഥാനത്തിൽ ഈ ഉത്തരവ് നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

ഒപ്പ്,
എസ്. ലളിതാംബിക ഐ എ എസ്
സഹകരണസംഘം രജിസ്ട്രാർ

1. രജിസ്ട്രാർ, ബഹുമാനപ്പെട്ട കേരള ഹൈക്കോടതി, എറണാകുളം.
2. മാനേജിംഗ് ഡയറക്ടർ
   കേരള സംസ്ഥാന സഹകരണ ബാങ്ക്/ കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്.

3. എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർമാർ/ജോയിന്റ് ഡയറക്ടർമാർ (ജനറൽ & ആഡിറ്റ്) മാർക്കും.
4. സെക്രട്ടറി, കേരള കർഷക കടാശ്വാസ കമ്മീഷൻ.
5. ജോയിന്റ് ഡയറക്ടർ/കൺകറന്റ് ആഡിറ്റർ, കേരള സംസ്ഥാന സഹകരണ ബാങ്ക്/ കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്
6. എല്ലാ ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജർക്കും, ജോയിന്റ് ഡയറക്ടർ/കൺക റന്റ് ആഡിറ്റർമാർക്കും.
7. അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)/അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) - ജോയിന്റ് രജി സ്ട്രാർ/ജോയിന്റ് ഡയറക്ടർ മുഖേന.
8. സെക്രട്ടറി, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ/ബാങ്കുകൾ, പ്രാഥമിക സഹ കരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ. (ജോയിന്റ് രജിസ്ട്രാർ മുഖേന)
9. അസിസ്റ്റന്റ് രജിസ്ട്രാർ/വാല്യുവേഷൻ ആഫീസർ, പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് (ജോയിന്റ് രജിസ്ട്രാർ മുഖേന)
10. എഡിറ്റർ, സഹകരണ വീഥി / സഹകരണ ജേർണൽ
11. സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്
12. ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും
13. സ്റ്റോക്ക് ഫയൽ/സ്പെയർ
14. വെബ്സൈറ്റ്

// ആജ്ഞാനുസരണം//

ഡെപ്യൂട്ടി രജിസ്ട്രാർ (ക്രെഡിറ്റ്)